


**അറ്റ് സ്റ്റേജ്**

**വില 100 രൂപ**

**എസ്.ഐ.ഒ സംവേദനവേദി**

# കഥപറയുന്നതല്ല നാടകം

**ആർ. മോഹൻദാസ് ചിറയിൻകീഴ്**

**പുസ്തകപ്രസാധകരുടെ** അവഗണന ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന സാഹിത്യവിഭാഗം നാടകമാണ്. നാടക ഗ്രന്ഥങ്ങൾ വാങ്ങാനും വായിക്കാനും ആളില്ലത്രെ! പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ എണ്ണംകൊണ്ട് സമ്പന്നമാണ് നമ്മുടെ നാടക സാഹിത്യം. ഇക്കാര്യം വിസ്മരിച്ചുകൊണ്ടാണ് ഇപ്പോൾ 'അച്ചടിക്കാത്ത പുസ്തകങ്ങൾക്ക്' വായനക്കാരില്ലെന്ന് പ്രസാധകർ പ്രചരിപ്പിക്കുന്നത്. ഇത്തരമൊരു പ്രതിസന്ധിയിലാണ് 'എസ്.ഐ.ഒ സംവേദനവേദി' 'അറ്റ് സ്റ്റേജ്' എന്ന പേരിൽ 15 ഏകാങ്ക നാടകങ്ങളുടെ സമാഹാരം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നാടകാചാര്യനായ പ്രഫ. ജി. ശങ്കരപ്പിള്ളയുടെ നാവിൽനിന്നും പലപ്പോഴും കേൾക്കാൻ ഇടവന്നിട്ടുള്ള ഒന്നാണ് 'കഥ പറയുന്നതല്ല നാടകം' എന്ന വാചകം. അതിന്റെ പൊരുൾ അക്ഷരാർഥത്തിൽ ഉൾക്കൊള്ളുകയും പ്രായോഗികമാക്കാൻ ശ്രമിക്കുകയും ചെയ്ത 15 നാടകകൃത്തുക്കളുടെ രചനകളാണ് 'അറ്റ് സ്റ്റേജി'ലുള്ളത്.

കണ്ടു പഴകിയ സങ്കേതങ്ങളിൽനിന്നും വ്യത്യസ്തമായ ചാലുകളിലൂടെ സഞ്ചരിക്കാനാണ് മിക്ക നാടകകൃത്തുക്കളും ശ്രമിച്ചിരുന്നത്. പൊതുവായി കണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കാം. ഒന്ന്, മൈക്കിന്റെ മുന്നിൽ മസിൽപിടിച്ചുനിന്ന് ഇടിവെട്ട് ശബ്ദത്തിൽ അട്ടഹാസം മുഴക്കാൻ തക്കതരത്തിലുള്ള ഡയലോഗ് കസർത്തുകളൊന്നും ഈ സമാഹാരത്തിലില്ല; പ്രേക്ഷകനെക്കൊണ്ട് മൂക്ക് ചീറ്റാനും കണ്ണീർമഴ പൊഴിപ്പിക്കാനും പോന്ന പൈങ്കിളി പേജുകളുമില്ല. രണ്ട്, മിക്ക നാടകങ്ങളിലും മനുഷ്യർ മാത്രമല്ല കഥാപാത്രങ്ങൾ. മൃഗങ്ങളും പക്ഷികളും ചെടികളും ജാമിതീയരൂപങ്ങളും പ്രകൃതിയും കഥാപാത്രങ്ങളായി മാറുന്ന കാഴ്ച കൗതുകം ഉണർത്തുന്നതാണ്.

പൗലോ കൊയ്‌ലോ, ആന്റൺ ചെക്കോവ്, ഇൻതിസാർ ഹുസൈൻ, രവീന്ദ്രനാഥടാഗോർ എന്നിവരുടെ കൃതികളിൽനിന്ന്, 'പൈപ്പർ ഓഫ് ഹമാലിൻ' എന്ന കഥയിൽനിന്ന്, ഖുർആനിൽനിന്ന് ഒക്കെ കടമെടുത്ത ആശയങ്ങളുടെ സ്വതന്ത്രാവിഷ്കാരങ്ങളും 15 നാടകങ്ങളുടെ കൂട്ടത്തിലുണ്ട്. ഇത്തരത്തിൽ രചിച്ച നാടകങ്ങളുടെ പേരും രചയിതാക്കളുടെ പേരും (ബ്രാക്കറ്റിൽ) ഇവിടെ രേഖപ്പെടുത്തുന്നു: വെറോണിക്ക ജീവിക്കാൻ തീരുമാനിക്കുന്നു (എം. നൗഷാദ്), ആറാം വാർഡ് (എൻ.കെ അനിൽകുമാർ), അവസാനത്തെ മനുഷ്യൻ (വി.എ കബീർ), തത്തച്ചേ പൂമ്മ പൂമ്മ (ശിവദാസ് പൊയിൽക്കാവ്), കുഴലൂത്ത് (പി.എച്ച് അബ്ദുൽഹഖ്), ഗുഹയുടെ കൂട്ടുകാർ (ഹിക്മത്തുല്ല).

'വെറോണിക്ക ജീവിക്കാൻ തീരുമാനിക്കുന്നു'വിലെ ഡോക്ടർ എന്ന കഥാപാത്രം പറയുന്നു: "മരണം തൊട്ടു മുന്നിലെത്തുമ്പോൾ മാത്രമേ നമുക്ക് ജീവിതത്തിന്റെ യഥാർഥ മഹത്വം പിടികിട്ടൂ." ആത്മഹത്യക്ക് ശ്രമിച്ച് പരാജയപ്പെട്ട വെറോണിക്ക എന്ന കഥാപാത്രത്തിന് ജീവിതത്തിന്റെ കൗണ്ട്ഡൗൺ ആരംഭിക്കുമ്പോൾ ജീവിക്കാൻ മോഹമുണർത്തുന്നതാണ് ഈ നാടകത്തിന്റെ പ്രമേയം. ഒരു സാധാരണ സംവിധായകന് വെല്ലുവിളിയാകാനും പ്രതിഭാശാലിയായ സംവിധായകന് തന്റെ പാടവം പ്രകടിപ്പിക്കാനുമുള്ള അവസരം നൽകുകയും ചെയ്യുന്ന തരത്തിലുള്ളതാണ് നാടകത്തിന്റെ 'ക്രാഫ്റ്റ്.'

സാമൂഹികപ്രശ്നങ്ങളാണ് നാടക

ങ്ങളിൽ മിക്കതിന്റെയും ഉള്ളടക്കം. ഫൂളിഷ് ഗെയിം (സോമൻ ചെമ്പ്രോത്ത്), ഒരു പെണ്ണ് (പി.എ.എം ഹനീഫ്) എന്നീ നാടകങ്ങൾക്ക് ഏറെ കാലിക പ്രസക്തിയുണ്ട്. സർട്ടിഫിക്കറ്റുകളുടെ മാറാപ്പും പേറി ഭിക്ഷാടനത്തിനിറങ്ങുന്ന ഉദ്യോഗാർഥികളുടെ കഥ പറയുന്ന ഫൂളിഷ് ഗെയിമിൽ നട്ടെല്ലുള്ളവനുണ്ട്, അവയവങ്ങൾ പണയം വെക്കാൻ തയാറായി നിൽക്കുന്നവരുമുണ്ട് ഉദ്യോഗാർഥികളായിട്ട്. വിഡ്ഢിച്ചോദ്യങ്ങൾ മാത്രം ചോദിച്ച് ഇന്റർവ്യൂ നടത്തുന്ന ബോർഡംഗത്തിന്റെ അവസാന ചോദ്യം ഒരു ഉദ്യോഗാർഥിയോട് ഇങ്ങനെ "നിങ്ങൾ ഇതുവരെ കേട്ടിട്ടുള്ളതിൽ ആസ്വാദ്യകരവും അർഥപൂർണവുമായ ഒരു വാക്ക്?" എനിക്കറിയാം സാർ എന്ന് പറഞ്ഞ് "പ്ഫാ" എന്ന് മുഖമടച്ചാട്ടുന്ന ഒരു ഉദ്യോഗാർഥി വേറിട്ട് നിൽക്കുന്ന കഥാപാത്രമാണ്.

"ഒരു പെണ്ണ് - കപ്പലിലായാലും കടലിനടിയിലെ സബ്മറൈനിലായാലും - പുരുഷനുള്ളിടത്താണോ, അവൾ ആക്രമിക്കപ്പെടും"എന്നതാണ് 'ഒരു പെണ്ണ്' എന്ന നാടകത്തിലെ 'പ്രിമൈസ്.'

വെയിറ്റിംഗ് ഷെഡ് (ജമീൽ അഹ്മദ്), തലയില്ലാ കോഴികൾ (ജാബിർ വാണിയമ്പലം), ഹബീബ് മാലികിന്റെ സ്വപ്നങ്ങൾ (ബുഖാരി ധർമഗിരി), പഞ്ചാരക്കുന്ന് സിന്ദാബാദ് (നസ്റുല്ല വാഴക്കാട്), ഫന്റൊസ്മിന്റെ (റിയാസ് പൊന്നാനി), ജ്യാമിതീയം (ഷിബു കൂറ്റനാട്), കുഞ്ഞിക്കിളികൾ (ഹസനുൽബന്ന) എന്നിവയാണ് മറ്റ് നാടകങ്ങൾ.

ഏകാങ്ക നാടകങ്ങൾക്കു വേണ്ടത് ഏകാഗ്രതയാണെന്ന കാര്യം ഇവരിൽ ചിലരെങ്കിലും മറന്നുപോകുന്നു എന്ന കാര്യം പറയാതെ വയ്യ. ഈ നാടകങ്ങൾ പൂർണമായും വായിച്ചു കഴിഞ്ഞപ്പോൾ തോന്നിയത് Conflictന്റെ കലയാണ് നാടകം എന്ന കാഴ്ചപ്പാടിൽനിന്നും Craft(ക്രാഫ്റ്റ്)ന്റെ കലയാണ് നാടകം എന്ന Conceptലേക്ക് പുതിയ നാടകകൃത്തുക്കൾ എത്തിനിൽക്കുന്നു എന്നാണ്. എല്ലാം നല്ലതിനാണെന്ന് കരുതാം. ■

**(*ഗ്രന്ഥാലോകം* 2009 ഫെബ്രുവരി)**